# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 419 – 29/11/2018 -ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ പൊതുകടം

**ഉത്തരം**

**ചോദ്യം**

**ശ്രീ. അനിൽ അക്കര**

**ഡോ. ടി. എം. തോമസ് ഐസക്**

**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | 2016 മാർച്ച് 31 ലെ സംസ്ഥാനത്തിന്റെ പൊതുകടം (തനി) എത്രയായിരുന്നുവെന്ന് വെളിപ്പെടുത്തുമോ; | അക്കൗണ്ടന്റ് ജനറലിന്റെ യഥാർത്ഥ കണക്കുകൾ പ്രകാരം 2016 മാർച്ച് 31 ലെ സംസ്ഥാനത്തിന്റെ പൊതുകടം (തനി) 109730.97 കോടി രൂപയാണ്. |
| ബി | 2018 ഒക്ടോബർ 31 ലെ സംസ്ഥാനത്തിന്റെ പൊതുകടം (തനി) എത്രയാണ്; | അക്കൗണ്ടന്റ് ജനറലിന്റെ ലഭ്യമായ പ്രാഥമിക കണക്കുകൾ പ്രകാരം 2018 സെപ്റ്റംബർ 30 ലെ സംസ്ഥാനത്തിന്റെ പൊതുകടം (തനി) 153439.96 കോടി രൂപയാണ്. |
| സി | സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാൻ ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയായിരുന്നു; അവ വിജയപ്രദമാണോ; വിശദാംശം നൽകുമോ? | അധിക വിഭവ സമാഹരണത്തിലൂടെയും അനാവശ്യ ചെലവ് നിയന്ത്രണത്തിലൂടെയും നികുതി പിരിവ് ഊർജ്ജിതമാക്കിയും വികസനക്ഷേമ പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. നിലവിലുള്ള നികുതി സമാഹരണ സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടു കൂടി സർക്കാരിലേക്കുള്ള പണമൊടുക്കലും സർക്കാരിൽ നിന്നുള്ള പണ വിതരണവും ഓൺലൈനായി നിർവ്വഹിക്കുന്നതിനുള്ള ഇ-ട്രഷറി സംവിധാനം നടപ്പിലാക്കി കഴിഞ്ഞു. ധനകാര്യ വകുപ്പ്, മറ്റു വകുപ്പുകൾ, ബഡ്ജറ്റ്, ഭാരതീയ റിസർവ്വ് ബാങ്ക്, അക്കൗണ്ടന്റ് ജനറൽ, വിവിധ ബാങ്കുകൾ, വിവിധ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിങ്ങ് ഓഫീസർമാർ, തുടങ്ങിയ എല്ലാവരെയും ഒരു കുടക്കീഴിൽ സംയോജിപ്പിച്ച് ഇടപാടുകൾ പരസ്പരം ഓൺലൈനായി നടത്തുന്നതിനായി ഒരു ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (IFMS) നടപ്പിലാക്കിയിട്ടുണ്ട്. |

| | | |
|---|---|---|
| | | സർക്കാരിന്റെ റവന്യൂ വരുമാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടു വരികയാണ്. ഇതിന്റെ ഭാഗമായി സർക്കാർ വകുപ്പുകൾ പൊതുമേഖല/ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവ മുഖേനയുള്ള എല്ലാ സേവനങ്ങൾക്കുമുള്ള ഫീസുകൾ/ചാർജ്ജുകൾ എന്നിവ അഞ്ച് ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. എക്സൈസ്, രജിസ്ട്രേഷൻ, സ്റ്റാമ്പ് ഡ്യൂട്ടി, മോട്ടോർ വാഹന നികുതി തുടങ്ങിയ ഇനങ്ങളിൽ പരിഷ്കാരങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു. ജി.എസ്.ടി-യുടെ ഭാഗമായി ഇ-വേ ബിൽ സമ്പ്രദായം ആവിഷ്കരിച്ചിട്ടുണ്ട്. ഇത് ഫലപ്രദമായി നടപ്പാക്കുന്നതു വഴി ജി.എസ്.ടി - യിൽ നിന്നുള്ള വരുമാനം വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇത്തരത്തിൽ നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിച്ചുകൊണ്ടും അധിക വിഭവ സമാഹരണത്തിലൂടെയും കർശനമായ സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ടും റവന്യൂ കമ്മി കുറച്ചുകൊണ്ടു വരുന്നതിനും ധനകമ്മി അനുവദനീയമായ മൂന്നു ശതമാനത്തിനുള്ളിൽ പരിമിതപ്പെടുത്തുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു. 2017-18 ൽ റവന്യൂ കമ്മി/ജി.എസ്.ഡി.പി അനുപാതം 2016-17 ലെ 2.51 ശതമാനത്തെ അപേക്ഷിച്ച് 2.49 ശതമാനമായും, ധനകമ്മി 4.28 ശതമാനത്തിൽ നിന്നും 3.95 ശതമാനമായും മെച്ചപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ